കേരള സർക്കാർ

*തൊഴിലും പുനരധിവാസവും (ഇ ) വകുപ്പ്*

വിജ്ഞാപനം

സ.ഉ.(കൈ)നം. 175/09/തൊഴിൽ *തിരുവനന്തപുരം, 2009 ഡിസംബർ 16.*

എസ്. ആർ.ഒ. നമ്പർ 1098 /2009.- 1948 - ലെ മിനിമം വേജസ് ആക്റ്റിലെ (1948 ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1) -ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2) -ാം ഉപവകുപ്പും കൂട്ടി വായിച്ച പ്രകാരം, സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ടും, 1997 ഡിസംബർ 22-ാം തീയതിയിലെ 1850-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 1031/97 ആയി പ്രസിദ്ധീകരിച്ച 1997 ഒക്ടോബർ 25-ാം തീയതിയിലെ സ.ഉ(സാധാരണ) നമ്പർ 2977/97/തൊഴിൽ നമ്പർ വിജ്ഞാപനത്തെ അതിലംഘിച്ചു കൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1) -ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം, 2009 ഫെബ്രുവരി 9-ാം തീയതിയിലെ 321-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009 ജനുവരി 31-ാം തീയതിയിലെ 9805/ഇ1/2007/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച ശേഷവും, കൂടാതെ പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡിന്റെ ഉപദേശം പരിഗണിച്ച ശേഷവും കേരള സർക്കാർ, കേരള സംസ്ഥാനത്തെ മൈനർ എഞ്ചിനീയറിംഗ് വ്യവസായ മേഖലയിൽ (50 വരെ തൊഴിലാളികൾ ജോലി ചെയ്യുന്ന എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ) ജോലി ചെയ്യുന്ന തൊഴിലാളികൾക്കു നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ താഴെ പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. പ്രസ്തുത നിരക്കുകൾക്ക് 2009 സെപ്തംബർ 1 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**പട്ടിക**

**1. ജനറൽ എഞ്ചിനീയറിംഗ്**

| ക്രമ നമ്പർ | ജോലി | മാസശമ്പളം | ദിവസവേതനം (8 മണിക്കൂർജോലിക്ക്) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | സൂപ്പർവൈസറി സ്റ്റാഫ് | | |
| | (1) ഫോർമാൻ/സൂപ്പർവൈസർ ഗ്രേഡ് - 1 | 5000 രൂപ | |
| | (2) അസിസ്റ്റന്റ് ഫോർമാൻ/അസി: സൂപ്പർ വൈസർ ഗ്രേഡ് 1/സൂപ്പർവൈസർ ഗ്രേഡ് 2. | 4758 രൂപ | |
| | (3) സെക്ഷൻ ചാർജ്മേൻ/മേസ്ത്രി ഗ്രേഡ് -3 | 4680 രൂപ | |
| 2. | ഹൈലി സ്കിൽഡ് | | |
| | (1) ക്രാങ്ക് ഷാഫ്റ്റ് ഗ്രൈന്റിംഗ് മെഷീൻ ഓപ്പറേറ്റർ<br>(2) പാറ്റേൺ മേക്കർ<br>(3) മില്ലിംഗ് മെഷീൻ ഓപ്പറേറ്റർ<br>(4) ഹോഡലിംഗ് മെഷീൻ ഓപ്പറേറ്റർ<br>(5)ഡൈ-മേക്കർ<br>(6) മെഷീനിസ്റ്റ്<br>(7) മെക്കാനിക്ക്<br>(8)ബോയ്‌ലർ മേൻ/ബോയ്‌ലർ ഓപ്പറേറ്റർ (സ്റ്റീം)<br>(9) ഗാർഡൻ വർക്കർ<br>(10) സ്റ്റാൻഡ് വർക്കർ<br>(11)വയർടെൻഷൻ മെഷിൻ ഓപ്പറേറ്റർ<br>(12)വൈബ്രേറ്റിംഗ് മെഷിൻ ഓപ്പറേറ്റർ<br>(13)ഗിയർ ഹോബിംഗ് ഓപ്പറേറ്റർ<br>(14)ക്വളിറ്റി കൺട്രോൾ ഇൻസ്പെക്ടർ | 4316 രൂപ | 166 രൂപ |

3. <u>സ്കിൽഡ് -ഗ്രേഡ് 3</u>

(1) ടർണർ
(2) പ്ലെയിനർ/ഷേപ്പർ
(3) കട്ടിംഗ് ആന്റ് ഷിയറിംഗ് മെഷീൻ ഓപ്പറേറ്റർ
(4) സ്ലോട്ടർ
(5) പൗവർ ഹാമർ മാൻ
(6) ടൂൾ മേക്കർ
(7) ബ്ലാക്ക് സ്മിത്ത്
(8) മെറ്റൽ സ്പ്രേയർ
(9) വെൽഡർ
(10) കാർപ്പെന്റർ
(11) കപ്പോള/ഫയർമാൻ
(12) കോർമേക്കർ
(13) മാർക്കർ
(14) ഇറക്റ്റർ
(15) അസംബ്ലർ
(16) ബഞ്ച്ഫിറ്റർ
(17) എഞ്ചിൻ ഡ്രൈവർ
(18) ഫർണ്ണസ്മാൻ
(19) കിൽമാൻ/ഫോർജർ
(20) സ്പിന്നർ
(21) വീവർ
(22) അപ്പോൾസറി (ആർട്ട്) വർക്കർ
(23) സ്പ്രേ പെയിന്റർ
(24) ഗ്രൈന്റർ (പ്രിസിഷൻ വർക്ക്)
(25) ഫിറ്റർ
(26) ഇലക്ട്രീഷ്യൻ
(27) ഇലക്ട്രിക്ക് മോട്ടോർ വൈന്റർ
(28) ഇലക്ട്രോപ്ലേറ്റർ
(29) ഗാൽവനൈസർ
(30) പെയിന്റർ (ഹാന്റ്)
(31) ബോയ്‌ലർ അസിസ്റ്റന്റ്
(32) കാസ്റ്റിംഗ് വർക്കർ
(33) ലെയിത്ത് ഓപ്പറേറ്റർ
(34) ഫാബ്രിക്കേഷൻ വർക്കർ
(35) ബൈന്റർ
(36) മോൾഡർ
(37) ടിങ്കർ
(38) ഷീറ്റ് കട്ടർ
(39) ഷീറ്റ് ബെന്റർ
(40) വയർ ഡ്രോയർ

} 4004 രൂപ 154 രൂപ

| | | |
|---|---|---|
| 3 (എ) <u>സ്കിൽഡ് ഗ്രേഡ് -2</u> | 4108 രൂപ | 158 രൂപ |
| 3 (ബി) <u>സ്കിൽഡ് ഗ്രേഡ് -1</u> | 4264 രൂപ | 164 രൂപ |

കുറിപ്പ്: സ്കിൽഡ് വിഭാഗത്തിൽ മൂന്നാം ഗ്രേഡിൽപ്പെട്ട തൊഴിലാളികളെ രണ്ടു വർഷം സർവ്വീസായാൽ മൂന്നാം ഗ്രേഡിൽ നിന്നും രണ്ടാം ഗ്രേഡിലേക്കും രണ്ടാം ഗ്രേഡിൽ മൂന്നു വർഷം സർവ്വീസായാൽ ഒന്നാം ഗ്രേഡിലേക്കും പ്രമോഷൻ നല്കി മേൽപ്പറഞ്ഞ വേതനം നല്കേണ്ടതാണ്.

4. **സെമിസ്കിൽഡ് ഗ്രേഡ് 2**

1. ബോയിലർ അറ്റന്റർ
2. ഡ്രില്ലർ
3. സ്വായർ
4. റിവേറ്റർ
5. സ്ട്രെയ്റ്റ്നർ
6. ചീപ്പർ
7. പോളിഷർ
8. പഞ്ച്മാൻ
9. സ്റ്റെൻസിലർ
10. ഹാമർമാൻ
11. ഗ്രൈന്റർ (റഫ് വർക്ക്)
12. ക്രെയ്ൻ ഡ്രൈവർ
13. ഗ്യാസ്കട്ടർ
14. ഹെൽപ്പർ
15. പായ്ക്കർ
16. ലെയ്ത്ത് വർക്കർ
17. ട്രോളി പുള്ളർ
18. മിക്സർ മെഷീൻ ഓപ്പറേറ്റർ

3770 രൂപ 145 രൂപ

4 (എ) <u>സെമി സ്കിൽഡ് ഗ്രേഡ് - I</u> 3900 രൂപ 150 രൂപ

കുറിപ്പ് :- സെമി സ്കിൽഡ് ഗ്രേഡ് രണ്ടിൽ ഉൾപ്പെട്ട തൊഴിലാളികളെ മൂന്ന് വർഷം സർവ്വീസ് ആയാൽ രണ്ടാം ഗ്രേഡിൽ നിന്നും ഒന്നാം ഗ്രേഡിലേക്ക് പ്രൊമോഷൻ നൽകി മേൽപ്പറഞ്ഞ വേതനം നൽകേണ്ടതാണ്.

5. **അൺസ്കിൽഡ്**

1. ക്ലീനർ
2. ഗ്രീസർ
3. ഓയിലർ
4. ബഫർ
5. അറ്റന്റർ (വർക്കഷോപ്പ്)
6. മസ്ദൂർ

3588 രൂപ 138 രൂപ

**ഓഫീസ് സ്റ്റാഫ്**

പ്രതിമാസ ശംബളം

<u>വിഭാഗം -1</u>
മാനേജർ — 5000 രൂപ

<u>വിഭാഗം - 2</u>
1. ഹെഡ് ക്ലാർക്ക്
2. അക്കൗണ്ടന്റ്
3. സ്റ്റെനോഗ്രാഫർ
4. ഡ്രാഫ്റ്റ്സ്മാൻ

4290 രൂപ

<u>വിഭാഗം -3</u>
1. ക്ലാർക്ക്/കാഷ്യർ
2. ക്ലാർക്ക്-കം-ടൈപ്പിസ്റ്റ്
3. ടൈപ്പിസ്റ്റ്
4. സ്റ്റോർ കീപ്പർ
5. ടൈം കീപ്പർ
6. ഡ്രൈവർ

4004 രൂപ

വിഭാഗം -4

| | | |
|---|---|---|
| എ)1. അറ്റന്റർ<br>2. പ്യൂൺ<br>3. വാച്ച്മാൻ<br>4. സെക്യൂരിറ്റി ഗാർഡ് | | 3785 രൂപ |
| ബി)1. സ്വീപ്പർ<br>2. സ്കാവഞ്ചർ | | 3510 രൂപ |

കുറിപ്പ്: അപ്രന്റീസിന് അവരുടെ സേവന കാലയളവിലെ രണ്ടാം വർഷം മുതൽ അൺസ്കിൽഡ് വിഭാഗം തൊഴിലാളികളുടെ വേതനത്തിന്റെ 50 ശതമാനം നിരക്കിലും മൂന്നാം വർഷം മുതൽ 75 ശതമാനം നിരക്കിലും നാലാം വർഷം മുതൽ അൺസ്കിൽഡ് തൊഴിലാളികളുടെ നിരക്കിലും വേതനം നൽകേണ്ടതാണ്.

**2. ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ് (സർവ്വീസിംഗും റിപ്പയറിംഗും ഉൾപ്പെടെ)**

| | | മാസശമ്പളം | ദിവസവേതനം (8 മണിക്കൂർ ജോലിക്ക്) |
|---|---|---|---|
| 1. | സൂപ്പർവൈസറി സ്റ്റാഫ്<br>1) ചീഫ് മെക്കാനിക്ക്/മേസ്ത്രി/ഫോർമാൻ<br>2)സെയിൽസ് എക്സിക്യൂട്ടീവ് | 5000 രൂപ | |
| 2. | ഹൈലി സ്കിൽഡ്<br>1. ഡീസൽ പമ്പ് മെക്കാനിക്ക്<br>2. ക്രാങ്ക് ഷാഫ്റ്റ് ഗ്രൈന്റിംഗ് മെഷീൻ ഓപ്പറേറ്റർ<br>3. സിലിണ്ടർ ബോറിംഗ് മെഷീൻ ഓപ്പറേറ്റർ<br>4. മെക്കാനിക്ക്<br>5.സെയിൽസ് കോ-ഓർഡിനേറ്റർ | 4316 രൂപ | 166 രൂപ |
| 3. | സ്കിൽഡ് ഗ്രേഡ് 3<br>1. ടർണർ<br>2. ഫിറ്റർ<br>3. അസിസ്റ്റന്റ് മെക്കാനിക്ക്<br>4. വെൽഡർ<br>5. കാർപ്പന്റർ<br>6. പെയിന്റർ (ഹാന്റ്)<br>7. ബ്ലാക്ക്സ്മിത്ത്<br>8. ഡീസൽപമ്പ് മെക്കാനിക്ക്<br>9. ബാറ്ററി സെറ്റിംഗ്/റീ കണ്ടീഷണിംഗ് വർക്കർ<br>10. അർമീച്ചർ വൈന്റർ<br>11. സ്പ്രേ പെയിന്റർ<br>12. ഇലക്ട്രീഷ്യൻ<br>13. വാൽവ് ഗ്രൈന്റിംഗ് വർക്കർ<br>14. സ്ലീവ് പോളിഷർ<br>15. പമ്പ് വർക്കർ<br>16. അപ്പോൾസറി വർക്കർ<br>17. ഫ്യൂവൽ ഇഞ്ചക്ഷൻ മെക്കാനിക്ക്<br>18. ആട്ടോ ഇലക്ട്രീഷ്യൻ<br>19. സിലിണ്ടർ ബോറർ<br>20.ഡ്രൈവർ | 4004 രൂപ | 154 രൂപ |
| 3 (എ) | **സ്കിൽഡ് ഗ്രേഡ് 2** | 4108 രൂപ | 158 രൂപ |
| (ബി) | **സ്കിൽഡ് ഗ്രേഡ് 1** | 4264 രൂപ | 164രൂപ |

കുറിപ്പ്: സ്കിൽഡ് വിഭാഗത്തിൽ മൂന്നാം ഗ്രേഡിൽ ഉൾപ്പെട്ട തൊഴിലാളികളെ രണ്ടു വർഷം സർവ്വീസായാൽ മൂന്നാം ഗ്രേഡിൽ നിന്നും രണ്ടാം ഗ്രേഡിലേക്കും രണ്ടാം ഗ്രേഡിൽ മൂന്നു വർഷം സർവ്വീസായാൽ ഒന്നാം ഗ്രേഡിലേക്കും പ്രൊമോഷൻ നല്കി മേൽപ്പറഞ്ഞ വേതനം നല്കേണ്ടതാണ്.

4. **സെമിസ്കിൽഡ് ഗ്രേഡ് 2**

| | | |
|---|---|---|
| 1. ഫ്യുവൽ ഇഞ്ചക്ഷൻ അസിസ്റ്റന്റ് | | |
| 2. റേഡിയേറ്റർ വർക്കർ | | |
| 3. വൽക്കനൈസർ | 3770 രൂപ | 145 രൂപ |
| 4. മെഷീനിസ്റ്റ് | | |

4(എ) **സെമിസ്കിൽഡ് - ഗ്രേഡ് I** 3900 രൂപ 150 രൂപ

കുറിപ്പ്: സെമിസ്കിൽഡ് ഗ്രേഡ് രണ്ടിൽ ഉൾപ്പെട്ട തൊഴിലാളികളെ മൂന്നു വർഷം സർവ്വീസായാൽ രണ്ടാം ഗ്രേഡിൽ നിന്നും ഒന്നാം ഗ്രേഡിലേക്ക് പ്രൊമോഷൻ നല്കി മേൽ പറഞ്ഞ വേതനം നല്കേണ്ടതാണ്.

5. **അൺസ്കിൽഡ്**

| | | |
|---|---|---|
| 1. ടയർ ഫിറ്റർ | | |
| 2. ക്ലീനർ | | |
| 3. ഹെൽപ്പർ | | |
| 4. അപ്പോൾസറി അസിസ്റ്റന്റ് | 3588 രൂപ | 138 രൂപ |
| 5 ഗ്രീസർ/ഓയിലർ | | |
| 6. മസ്ദൂർ | | |

**ആഫീസ് സ്റ്റാഫ്**

| | പ്രതിമാസ ശംബളം |
|---|---|
| വിഭാഗം - 1 | |
| മാനേജർ | 5000 രൂപ |
| വിഭാഗം - 2 | |
| 1. ഹെഡ്ക്ലാർക്ക്<br>2. അക്കൗണ്ടന്റ്<br>3. സ്റ്റെനോഗ്രാഫർ<br>4. ഡ്രാഫ്റ്റ്സ്മാൻ | 4290 രൂപ |
| വിഭാഗം -3 | |
| 1. ക്ലാർക്ക്/കാഷ്യർ<br>2. ക്ലാർക്ക്-കം-ടൈപ്പിസ്റ്റ്<br>3. ടൈപ്പിസ്റ്റ്<br>4. സ്റ്റോർ കീപ്പർ<br>5. ടൈം കീപ്പർ<br>6. ഡ്രൈവർ | 4004 രൂപ |
| വിഭാഗം 4 | |
| എ 1. അറ്റന്റർ<br>2. പ്യൂൺ<br>3. വാച്ച്മാൻ<br>4. സെക്യൂരിറ്റി ഗാർഡ് | 3785 രൂപ |
| ബി 1.സ്വീപ്പർ<br>2. സ്കാവഞ്ചർ | 3510 രൂപ |

കുറിപ്പ്: അപ്രന്റീസിന് അവരുടെ സേവന കാലയളവിലെ രണ്ടാം വർഷം മുതൽ അൺസ്കിൽഡ് വിഭാഗം തൊഴിലാളികളുടെ വേതനത്തിന്റെ 50 ശതമാനം നിരക്കിലും മൂന്നാം വർഷം മുതൽ 75 ശതമാനം നിരക്കിലും നാലാം വർഷം മുതൽ അൺസ്കിൽഡ് തൊഴിലാളികളുടെ നിരക്കിലും വേതനം നൽകേണ്ടതാണ്.

3. **ഇലക്ട്രിക്കൽ, റഫ്രിജറേഷൻ, റേഡിയോ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്**

| | മാസവേതനം | ദിവസവേതനം (8 മണിക്കൂർജോലിക്ക്) |
|---|---|---|
| 1. **സൂപ്പർ വൈസറിസ്റ്റാഫ്** | | |
| 1. ഫോർമാൻ/ഓവർസീയർ ഒന്നാം ഗ്രേഡ്/സൂപ്പർവൈസർ | 5000 രൂപ | |
| 2. **ഹൈലി സ്കിൽഡ്** | | |
| 1. ആർമീച്ചർ/മോട്ടോർ വൈന്റർ<br>2. റഫ്രിജറേറ്റർ/എയർകണ്ടീഷണർ മെക്കാനിക്ക്<br>3. ഇലക്ട്രോണിക് മെഷീനുകളുടേയും ഉപകരണങ്ങളുടേയും മെക്കാനിക്ക്/റിപ്പയർ/ സർവ്വീസ് ചെയ്യുന്നവർ | 4316 രൂപ | 166 രൂപ |
| 3. **സ്കിൽഡ് ഗ്രേഡ് 3** | | |
| 1. റേഡിയോ മെക്കാനിക്ക്<br>2. ടി.വി/വി.സി.ആർ/വി.സി.പി മെക്കാനിക്ക്<br>3. ഓവർസീയർ രണ്ടാം ഗ്രേഡ്<br>4. ബാറ്ററി സെറ്റിംഗ്/റീ-കണ്ടീഷനിംഗ് വർക്കർ<br>5. ഇലക്ട്രീഷ്യൻ<br>6. ഇലക്ട്രിക് മെഷീനുകളുടേയും ഉപകരണങ്ങളുടേയും മെക്കാനിക്ക് /റിപ്പയർ/ സർവ്വീസ് ചെയ്യുന്നവർ | 4004 രൂപ | 154 രൂപ |
| 3 (എ) **സ്കിൽഡ് ഗ്രേഡ് 2** | 4108 രൂപ | 158 രൂപ |
| (ബി) **സ്കിൽഡ് ഗ്രേഡ് I** | 4264 രൂപ | 164 രൂപ |

കുറിപ്പ്: സ്കിൽഡ് വിഭാഗത്തിൽ മൂന്നാം ഗ്രേഡിൽ ഉൾപ്പെട്ട തൊഴിലാളികളെ രണ്ടു വർഷം സർവ്വീസായാൽ മൂന്നാം ഗ്രേഡിൽ നിന്നും രണ്ടാം ഗ്രേഡിലേക്കും രണ്ടാം ഗ്രേഡിൽ മൂന്നു വർഷം സർവ്വീസായാൽ ഒന്നാം ഗ്രേഡിലേക്കും പ്രൊമോഷൻ നല്കി മേൽപ്പറഞ്ഞ വേതനം നല്കേണ്ടതാണ്.

4. **സെമിസ്കിൽഡ് - ഗ്രേഡ് 2**

| | മാസവേതനം | ദിവസവേതനം |
|---|---|---|
| 1. ഇലക്ട്രോപ്ലേറ്റർ<br>2. വയർമാൻ | 3770 രൂപ | 145 രൂപ |

| | | |
|---|---|---|
| 4(എ)സെമിസ്കിൽഡ്ഗ്രേഡ്I | 3900 രൂപ | 150 രൂപ |

കുറിപ്പ്: സെമിസ്കിൽഡ് - ഗ്രേഡ് രണ്ടിൽ ഉൾപ്പെട്ട തൊഴിലാളികളെ മൂന്നു വർഷം സർവ്വീസായാൽ രണ്ടാം ഗ്രേഡിൽ നിന്നും ഒന്നാം ഗ്രേഡിലേയ്ക്ക് പ്രൊമോഷൻ നല്കി മേൽപ്പറഞ്ഞ വേതനം നല്കേണ്ടതാണ്.

**5. അൺസ്കിൽഡ്**

| | | |
|---|---|---|
| 1. ഹെൽപ്പർ<br>2. ക്ലീനർ<br>3. അറ്റൻഡർ (വർക്ക് ഷോപ്പ്)<br>4. മസ്ദൂർ | 3588 രൂപ | 138 രൂപ |

## ആഫീസ് സ്റ്റാഫ്

| | പ്രതിമാസ ശംബളം |
|---|---|
| **വിഭാഗം - 1** | |
| 1. മാനേജർ | 5000 രൂപ |
| **വിഭാഗം -2** | |
| 1. ഹെഡ് ക്ലാർക്ക്<br>2. അക്കൗണ്ടന്റ്<br>3. സ്റ്റെനോഗ്രാഫർ<br>4. ഡ്രാഫ്റ്റ്സ്മാൻ | 4290 രൂപ |
| **വിഭാഗം - 3** | |
| 1. ക്ലാർക്ക്/കാഷ്യർ<br>2.ക്ലാർക്ക്-കം-ടൈപ്പിസ്റ്റ്<br>3. ടൈപ്പിസ്റ്റ്<br>4. സ്റ്റോർ കീപ്പർ<br>5. ടൈം കീപ്പർ<br>6. ഡ്രൈവർ | 4004 രൂപ |
| **വിഭാഗം - 4** | |
| എ)1. അറ്റന്റർ<br>2. പ്യൂൺ<br>3. വാച്ച്മാൻ<br>4.സെക്യൂരിറ്റി ഗാർഡ് | 3785 രൂപ |

ബി) 1. സ്വീപ്പർ
2. സ്കാവഞ്ചർ } 3510

കുറിപ്പ്: അപ്രന്റീസിന് അവരുടെ സേവന കാലയളവിലെ രണ്ടാം വർഷം മുതൽ അൺസ്കിൽഡ് വിഭാഗം തൊഴിലാളികളുടെ വേതനത്തിന്റെ 50 ശതമാനം നിരക്കിലും മൂന്നാം വർഷം മുതൽ 75 ശതമാനം നിരക്കിലും നാലാം വർഷം മുതൽ അൺസ്കിൽഡ് തൊഴിലാളികളുടെ നിരക്കിലും വേതനം നൽകേണ്ടതാണ്.

4. ക്ഷാമബത്ത:- അടിസ്ഥാന വേതനത്തിന് പുറമേ എല്ലാ തൊഴിലാളികൾക്കും, കേരള സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ മാസവും ജില്ലാകേന്ദ്രങ്ങൾക്ക് വേണ്ടി പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന പുതിയ ഉപഭോക്തൃ വില സൂചികയിലെ അതാത് ജില്ലാ കേന്ദ്രത്തിലെ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച സൂചികയുടെ 100 പോയിന്റിന് മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസവേതനക്കാർക്ക് 82 പൈസ നിരക്കിലും മാസശമ്പളക്കാർക്ക് 21 രൂപ 32 പൈസ നിരക്കിലും മാറിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത വേതനത്തോടൊപ്പം നല്കേണ്ടതാണ്. വയനാട്, ഇടുക്കി ജില്ലാ കേന്ദ്രങ്ങൾക്ക് വേണ്ടി ഉപഭോക്തൃവില സൂചിക പ്രസിദ്ധീകരിക്കുന്നതുവരെ മേപ്പാടി കേന്ദ്രത്തിനും, മൂന്നാർ കേന്ദ്രത്തിനും വേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചിക അടിസ്ഥാനമാക്കി യഥാക്രമം വയനാട് ജില്ലയിലും, ഇടുക്കി ജില്ലയിലും ക്ഷാമബത്ത കണക്കാക്കേണ്ടതാണ്.

5. സർവ്വീസ് വെയിറ്റേജ്:- ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിക്ക് ഏതെങ്കിലും സ്ഥാപനത്തിൽ അല്ലെങ്കിൽ ഏതെങ്കിലും ഒരു തൊഴിലുടമയുടെ കീഴിൽ തുടർച്ചയായി കുറഞ്ഞത് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ള തൊഴിലാളികൾക്കും ജീവനക്കാർക്കും പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവന കാലയളവിനും പുതുക്കി നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വേതനത്തിന്റെ ഒരു ശതമാനം വീതം പരമാവധി 15 ശതമാനം തുക സർവ്വീസ് വെയിറ്റേജ് ആയി അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി നല്കേണ്ടതാണ്.

6. ഈ വിജ്ഞാപനപ്രകാരം മാസ ശമ്പളത്തിലോ, ദിവസവേതനത്തിലോ, പീസ്റേറ്റ് അടിസ്ഥാനത്തിലോ, കോൺട്രാക്ട് അടിസ്ഥാനത്തിലോ ജോലി ചെയ്യുന്ന മുഴുവൻ തൊഴിലാളികൾക്കും പുതുക്കി നിശ്ചയിക്കുന്ന അടിസ്ഥാന വേതനവും, ക്ഷാമബത്തയും, സർവ്വീസ് വെയിറ്റേജും ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

7. മാസശമ്പളം നിശ്ചയിച്ചിട്ടുള്ള തൊഴിലാളിക്കോ തൊഴിലാളി വിഭാഗത്തിനോ അർഹതപ്പെട്ട ദിവസവേതനം കണക്കാക്കുന്നത് ആ തൊഴിലാളിക്ക്/തൊഴിലാളി വിഭാഗത്തിന് അർഹതപ്പെട്ട മൊത്തം മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ച് ആയിരിക്കേണ്ടതാണ്. അതുപോലെ ദിവസവേതനം നിശ്ചയിച്ചിട്ടുള്ള തൊഴിലാളിക്കോ, തൊഴിലാളി വിഭാഗത്തിനോ മാസവേതനം കണക്കാക്കുന്നത് ആ തൊഴിലാളിക്ക് അർഹതപ്പെട്ട മൊത്തം ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ച് ആയിരിക്കേണ്ടതാണ്.

8. മേല്പറഞ്ഞിരിക്കുന്ന മിനിമം വേതനത്തിൽ കൂടുതൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനം അവർക്ക് തുടർന്നും നല്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ
ഗവൺമെന്റ് സെക്രട്ടറി.

## വിശദീകരണ ക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാകുന്നു).

കേരള സംസ്ഥാനത്തെ മൈനർ എഞ്ചിനീയറിംഗ് വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് നൽകേണ്ട കുറഞ്ഞ കൂലി നിരക്കുകൾ 1997 ഒക്ടോബർ 25-ാം തീയതിയിലെ സ.ഉ.(സാധ) 2977/97/തൊഴിൽ നമ്പരായുള്ള വിജ്ഞാപന പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. 1948 ലെ മിനിമം വേജസ് ആക്റ്റിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം പ്രസ്തുത മേഖലയിലെ നിലവിലുള്ള കുറഞ്ഞ നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.